LIBRARY ARCHIVES Kerala Legislative Assembly

## റീ ടെണ്ഡ്ഡ് ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീ. ജീസൺ ജോർജ്ജിന് (യു.പി.എസ്.എ.) പുനർ നിയമനം

21(4625) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം അതിരൂപതാ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിൽ, തൃശ്ശൂർ ജില്ലയിലെ മേലൂർ ആർ.യു.പി.എസ്.-ൽ 2006-ൽ നിയമനം ലഭിച്ച ശ്രീ. ജീസൺ ജോർജ്ജി (യു.പി.എസ്.എ.)-നെ റീടെണ്ഡ്ഡ് ലിസ്റ്റിൽ ഉൾപ്പെടുത്തി പുനർനിയമനം നടത്തുന്നതിനായി പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ് (G.O. Rt 1415/14/G.Edn-Dated 25-3-2014) ഉണ്ടായിട്ടും ഇതുവരേയും പുനർനിയമനം ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 15 അദ്ധ്യാപകരടങ്ങിയ പ്രസ്തുത റീടെണ്ഡ്ഡ് ലിസ്റ്റിൽ നിന്നും 1314 എന്നീ നമ്പർകാർക്ക് നിയമനം ലഭിച്ചിട്ടും 12-ാം നമ്പർകാരനായ ശ്രീ. ജീസൺ ജോർജിന് നിയമനം നൽകാത്തത് പരിശോധിച്ച് ടിയാന് നിയമനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. മേഖലയിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിലെ അമിതഫീസ്

22(4626) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ബി.എസ്. ഇ., ഐ.സി.എസ്.ഇ. മേഖലയിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിൽ അമിത ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ വിദ്യാഭ്യാസ അധികൃതർക്ക് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഈ മേഖലയിൽ ഏകീകൃതമായ ഒരു ഫീസ് സമ്പ്രദായം കൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അമിത ഫീസ് സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടില്ല. പരാതികൾ പരിശോധിക്കുന്നതിന് മാനേജ്മെന്റ് പ്രതിനിധികളും അദ്ധ്യാപക സംഘടനാ പ്രതിനിധികളുമടങ്ങുന്ന സ്റ്റേറ്റ് ലെവൽ കമ്മിറ്റി നിലവിലുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**പി.എസ്.സി. നിയമന ശുപാർശ നൽകിയ ഉദ്യോഗാർത്ഥികൾക്ക് നിയമനം**

23(4627) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ./എൽ.പി.എസ്.എ തസ്തികകളിലേക്ക് 2014 മാർച്ച്-ഏപ്രിൽ മാസങ്ങളിൽ പി.എസ്.സി നിയമന ശുപാർശ നൽകിയ ഉദ്യോഗാർത്ഥികൾക്ക് ഇനിയും നിയമനം നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ/എൽ.പി.എസ്.എ. തസ്തികകളിലേക്ക് എത്ര പേർക്ക് ഇനിയും നിയമനം നൽകാനുണ്ടെന്ന് വിഷയം തിരിച്ച് അറിയിക്കുമോ;

(സി) ഇത്തരത്തിലുള്ളവർക്ക് നിയമനം നൽകുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) തസ്തിക പുനർ നിർണ്ണയത്തിൽ തസ്തികകൾ കുറഞ്ഞതിനാലാണ് നിയമനം നൽകുവാൻ കഴിയാത്തത് എങ്കിൽ ഇവരെ സൂപ്പർ ന്യൂമറി ആയി നിയമിക്കുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്. തസ്തിക നിർണ്ണയംമൂലം നിരവധി അദ്ധ്യാപക തസ്തികകൾ നഷ്ടമായതിനാൽ നിലവിൽ ഒഴിവുകളില്ല. തസ്തിക നിർണ്ണയത്തിനു മുമ്പ് റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ പി.എസ്.സി. നൽകിയ നിയമന ശിപാർശകളിൽ ഒഴിവുകളില്ലാത്ത കാരണത്താൽ നിയമനം നടത്താൻ കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly